Reg. No. KL/KTM/036/2012-2015
RNI No.3078/57
സൺഡേ ദീപിക




ഫാമിലിവിഷൻ

സിറിയക് കോട്ടയിൽ

# ഏറ്റെടുക്കാനാവുമോ ഈ വെല്ലുവിളി?

ആനന്ദ് ഭവൻ എന്നാണ് അവരുടെ വീട്ടുപേര്. ഇല്ലിക്കൽ എന്നാണ് കുടുംബപേര്. തറവാട്ടു കുടുംബത്തിൽനിന്ന് കുടുംബനാഥന്റെ ജോലിസ്ഥലത്തേക്ക് കുടുംബാംഗങ്ങൾ ഒന്നിച്ച് മാറി താമസിച്ചപ്പോൾ പുതിയ വീടിന് ഇട്ട പേരാണ് ആനന്ദ് ഭവൻ. ആനന്ദ് മൂത്ത മകനാണ്. ആനന്ദിനെ കൂടാതെ ആര്യ, അമൽ എന്നിങ്ങനെ രണ്ട് മക്കൾ കൂടിയുണ്ട് ആ കുടുംബത്തിൽ. ഇനിയും വിവാഹം കഴിക്കാനുള്ളത് ഇളയവൻ അമൽ മാത്രമാണ്. ആനന്ദ് ആയുർവേദ ഡോക്ടറാണ്, ആര്യ ബി.ഡി.എസുകാരിയും. അമൽ ബി.ടെക് വിദ്യാഭ്യാസത്തിനുശേഷം ഇപ്പോൾ വിപ്രോയിൽ ജോലി ചെയ്യുന്നു. മാതാപിതാക്കൾ ഡോക്ടർ ജോസഫും ഭാര്യ അന്നമ്മയും. അന്നമ്മ ഹൗസ് വൈഫാണ്. അയാൾ കോതമംഗലം സ്വദേശിയാണ്. ജോലി കോട്ടയത്തായിരുന്നതിനാൽ നാടുവിട്ട് കോട്ടയത്തുവന്ന് അവിടെ സ്ഥിരതാമസമാക്കിയതാണ്. ഡോക്ടറും കുടുംബവും കോട്ടയത്ത് താമസമാക്കിയിട്ട് ഇപ്പോൾ മുപ്പത്തിനാല് വർഷമാകുന്നു. ആനന്ദ് വിവാഹം ചെയ്തത് ആയുർവേദ കോളജിൽ കൂടെ പഠിച്ച ഡോ. ജയിനിനെയാണ്. അവരുടേത് പ്രേമവിവാഹമായിരുന്നില്ല. മുൻപരിചയത്തിന്റെ വെളിച്ചത്തിൽ ആലോചിച്ചുറപ്പിച്ചതായിരുന്നു ആ കല്യാണം. അവരിരുവരും കുട്ടികൾ രണ്ടുപേർക്കുമൊപ്പം തിരുവനന്തപുരത്താണ് ഇപ്പോൾ താമസം. ഇരുവരും അവിടെത്തന്നെയാണ് പ്രാക്ടീസ് ചെയ്യുന്നതും. ആനന്ദ് ഗവൺമെന്റ് ആശുപത്രിയിലും ജയിൻ പ്രൈവറ്റ് മേഖലയിലുമാണ്. ആര്യ ഭർത്താവായ ജിതിനൊപ്പം അമേരിക്കയിലാണ്. ജിതിൻ എൻജിനിയറാണ്. മൂന്നു വർഷം മുമ്പാണ് ഇവരുടെ വിവാഹം കഴിഞ്ഞത്. ഒരു കുട്ടിയുണ്ട്. ഇക്കഴിഞ്ഞ ഇടയ്ക്ക് ഒരു കുടുംബയോഗത്തിന് പോയ വഴിക്കാണ് ഈ കുടുംബത്തെ ഞാൻ പരിചയപ്പെടുന്നത്. ഡോക്ടർ ജോസഫും ഭാര്യയും മക്കളും മരുമക്കളും മക്കളുടെ മക്കൾക്കുമൊപ്പം അന്നവിടെ ഉണ്ടായിരുന്നു. ഉത്തമകുടുംബത്തെക്കുറിച്ച് ക്ലാസ് നയിച്ച എന്നെ അവർ വന്നു കാണുന്നത് ഞാൻ ഭക്ഷണം കഴിച്ച് തിരികെ പോരാനായി തയാറെടുക്കുന്ന സമയത്താണ്. കുടുംബപ്രശ്നമായിരിക്കും എന്നു കരുതിയാണ് ഞാൻ അവരെ കേൾക്കാൻ തുടങ്ങിയതെങ്കിലും അന്നവിടെ എന്റെ ക്ലാസിനോട് ബന്ധപ്പെട്ട് എടുത്തുകാട്ടാൻ പറ്റുമായിരുന്ന ഒരുത്തമ കുടുംബമായിരുന്നു അതെന്ന് എനിക്ക് മനസിലാക്കാൻ ഏറെ സമയം വേണ്ടിവന്നില്ല. ഡോക്ടർ ജോസഫിന്റെയും അന്നമ്മയുടെയും മക്കൾ മാത്രമല്ല അവരുടെ മരുമക്കളും ഉത്തമ ദമ്പതികളെന്നും മാതൃകാ മാതാപിതാക്കളെന്നും അവരിരുവരെക്കുറിച്ചും ഒരേ സ്വരത്തിൽ അന്ന് സാക്ഷ്യപ്പെടുത്തിയത് എന്റെ ജീവിതത്തിലെ മധുരതരമായ ഒരനുഭവമായി ഇന്നും നിലനിൽക്കുന്നു. ഭാവിയിൽ അവരുടെ കൊച്ചുമക്കൾ മോഡൽ ഗ്രാന്റ് പേരന്റ്സ് എന്ന് തങ്ങളുടെ വല്യപ്പനെക്കുറിച്ചും വല്യമ്മയെക്കുറിച്ചും പറയാൻ ഇടവരട്ടെ എന്നായിരുന്നു എന്റെ മനസിലെ അപ്പോഴത്തെ പ്രാർഥന. തങ്ങളുടെ മാതാപിതാക്കൾ ഭാര്യാഭർതൃബന്ധത്തിലും മാതാപിതാക്കളെന്ന നിലയിലും തങ്ങളുടെ പ്രതീക്ഷയ്ക്കുമപ്പുറമാണ് എന്ന് ആ മക്കളും മരുമക്കളും പറയുമ്പോൾ അവരുടെ മിഴികൾ സന്തോഷത്താൽ നിറയുന്നതു ഞാനപ്പോൾ ശ്രദ്ധിച്ചു.

ഉത്തമ വിവാഹജീവിതത്തെ സംബന്ധിച്ചും അനുകരണീയമായ കുടുംബജീവിതത്തെ സംബന്ധിച്ചുമുള്ള പാഠങ്ങൾ മക്കൾക്ക് പകർന്നു നൽകേണ്ട ഗുരുകുലമാണ് കുടുംബം. ആ ഗുരുകുലത്തിലെ ഗുരുക്കന്മാർ മറ്റാരുമല്ല, മാതാപിതാക്കൾ തന്നെയാണ്. അവരിരുവരുടെയും ജീവിതത്തിൽനിന്ന് ഉത്തമ കുടുംബജീവിതത്തിന്റെ പാഠങ്ങൾ കണ്ടും കേട്ടും പഠിക്കാൻ മക്കൾക്കിടയാകണം. ഭാര്യാഭർതൃബന്ധത്തിലേക്കും കുടുംബജീവിതത്തിലേക്കും പ്രതീക്ഷയോടും സന്തോഷത്തോടുംകൂടി പ്രവേശിക്കാൻ മക്കൾക്ക് പ്രേരണ നൽകുംവിധത്തിലാവണം അവരുടെ ജീവിതം. അങ്ങനെയെങ്കിൽ തന്റെ മകന്റെ വിവാഹത്തലേന്ന് ഒരപ്പന് തന്റെ മകനെ അടുത്തുവിളിച്ച് ഇപ്രകാരം ഉപദേശിക്കാനാവണം, മോനെ, കടന്നുപോയ നാളുകളിൽ ഒരു നല്ല ഭർത്താവായി, നല്ലൊരപ്പനായി, നല്ല കുടുംബനാഥനായി നിന്റെ ഈ അപ്പൻ ഈ കുടുംബത്തിൽ എങ്ങനെ ജീവിച്ചെന്ന് നീ കണ്ടല്ലോ, അതുപോലെതന്നെ നല്ല ഭർത്താവായും നല്ലൊരപ്പനായും നല്ല കുടുംബനാഥനായും നീ നിന്റെ കുടുംബത്തിൽ ജീവിക്കണം. തന്റെ മകളുടെ വിവാഹത്തലേന്ന് ഒരമ്മയ്ക്ക് തന്റെ മകളെ ഇപ്രകാരം ഉപദേശിക്കാനാവണം, മോളെ കടന്നുപോയ നാളുകളിൽ ഒരു നല്ല ഭാര്യയായി, നല്ലൊരമ്മയായി, നല്ല കുടുംബനാഥയായി നിന്റെ ഈ അമ്മ ഈ കുടുംബത്തിൽ എങ്ങനെ ജീവിച്ചെന്ന് നീ കണ്ടല്ലോ, അതുപോലെതന്നെ നല്ല ഭാര്യയായും നല്ലൊരമ്മയായും നല്ല കുടുംബനാഥയായും നീ നിന്റെ കുടുംബത്തിൽ ജീവിക്കണം. ഭാര്യയും ഭർത്താവും അമ്മയും അപ്പനും കുടുംബനാഥയും കുടുംബനാഥനുമൊക്കെയായ, നിങ്ങൾക്കിങ്ങനെ നിങ്ങളുടെ മക്കളുടെ വിവാഹാവസരത്തിൽ അവരെ ഉപദേശിക്കാൻ കഴിയുമെന്ന് വിചാരിക്കുന്നുണ്ടോ?.



# മരണമുറങ്ങുന്ന ചെകുത്താൻ കോട്ടയിൽ


റോമിലെ കൊളോസിയം

കാരൂർ സോമൻ ചാരുംമൂട്

സൂര്യൻ ഉദിച്ചുയർന്നപോലെ ആകാശത്തേക്ക് ഉയർന്നുനിൽക്കുന്ന മനോഹരമായ റോമിലെ കൊളോസിയം പതിനാറ്, പതിനേഴ് നൂറ്റാണ്ടുകളിലുണ്ടായ തീവ്രമായ ഭൂമികുലുക്കത്തിൽ ഇടിഞ്ഞു പൊളിഞ്ഞെങ്കിലും കാലത്തിന്റെ അലർച്ചയും ചോരയും മണത്ത മാനവരാശിയെ ഭയപ്പെടുത്തിയ ഈ ചെകുത്താന്മാരുടെ പാർപ്പിടത്തെ കാണാൻ ലോകമെമ്പാടും നിന്നുള്ള സഞ്ചാരികളെത്തുന്നു. ഇതിന്റെ മുന്നിലെ റോഡിന്റെ ഇരുഭാഗങ്ങളിലായി ആകാശത്ത് ആടിയുലയുന്ന സുന്ദരങ്ങളായ പൈൻമരങ്ങൾ കുടനിവർത്തി രാജകീയപ്രൗഢിയോടെ തിരുമുറ്റത്തു വരുന്നവരെ സ്വീകരിക്കുന്നു.

എഡി 72-80 കാലയളവിൽ റോമൻ ചക്രവർത്തിയായിരുന്ന ടൈറ്റസ് ഫ്ളേവിയസ് വെസ്പാസിയൻ ഒരു ആംഫി തിയറ്ററായി ഇതിനെ ഉയർത്തുകയുണ്ടായി. ഇതിന്റെ ഉൾഭാഗം ഒരു ക്രിക്കറ്റ് മൈതാനം പോലെയാണ്. പ്രധാനമായും ഇതിനുള്ളിൽ നടന്നിരുന്നത് വന്യമൃഗങ്ങളും കൊടുംകുറ്റവാളികളും തമ്മിലുള്ള പോരാട്ടം, വിവിധ ദേശങ്ങളിൽനിന്നെത്തുന്ന രാക്ഷസസ്വഭാവമുള്ള മല്ലന്മാർ തമ്മിലുള്ള പോരാട്ടം, യുദ്ധങ്ങളിൽ ജയിച്ചുവരുന്നതിന്റെ ആഘോഷങ്ങൾ മുതലായവയാണ്. നാലു വൻനിലകൾ മുകളിലേക്കുള്ളതുപോലെ നാലുനിലയ്ക്ക് തുല്യമായ ആഴവും വ്യാപ്തിയും ഭൂമിക്കുള്ളിലുമുണ്ട്. ഈ നാല് നിലകൾ ഇന്നത്തെ പത്തോ പതിനഞ്ചോ നിലകൾക്കു തുല്യമാണ്. ഇതിന്റെ മുകൾഭാഗം വിജനമാണ്. മഴപെയ്താലും ആ വെള്ളത്തെ ക്രമീകരിച്ചുനിർത്താനുള്ള സംവിധാനമുണ്ട്. മനുഷ്യമനസിന്റെ ഏകാഗ്രതപോലും ശിഥിലമാക്കുന്ന ആ നരകതാഴ്‌വരയിലേക്ക് ഞാൻ കണ്ണുമിഴിച്ചു നോക്കി. വല്ലാത്തൊരു നെടുവീർപ്പാണുണ്ടായത്. ഭൂമിക്കുള്ളിൽ നിഗൂഢമായൊരു ലോകം. മനുഷ്യൻ ഭൂമിയുടെ മുകളിൽ പാർക്കുന്നതുപോലെയുള്ള എല്ലാ സംവിധാനവും ഇതിനുള്ളിലുണ്ട്. ഇതിനുള്ളിൽ ഇടുങ്ങിഞെരുങ്ങിയ ധാരാളം മുറികളും നടപ്പാതകളുമുണ്ട്. പ്രാണവായു ലഭിക്കാൻ പ്രയാസപ്പെടുന്ന മുറികൾ. ഇത്തരം മുറികൾ നൂറുകണക്കിനു കാണാനുമുണ്ട്. മഴയിലും വെയിലിലും കുറ്റവാളികൾ ഇതിനുള്ളിൽത്തന്നെ കഴിയുന്നു. തടവറകളിൽ തളയ്ക്കപ്പെടുന്നവർ, യുദ്ധത്തിൽ

> ''മനുഷ്യമനസിന്റെ ഏകാഗ്രത പോലും ശിഥിലമാക്കുന്ന ആ നരകതാഴ്‌വരയിലേക്ക് ഞാൻ കണ്ണുമിഴിച്ചു നോക്കി. വല്ലാത്തൊരു നെടുവീർപ്പാണുണ്ടായത്. ഭൂമിക്കുള്ളിൽ നിഗൂഢമായൊരു ലോകം.''

പിടിക്കപ്പെട്ടവർ. ഇതിൽ നമ്മെ ആശ്ചര്യപ്പെടുത്തുന്നത് ഇരുമ്പഴിക്കുള്ളിലാണ് വന്യമൃഗങ്ങൾ പാർക്കുന്നതെങ്കിലും മനുഷ്യരും മൃഗങ്ങളും മുഖാമുഖം കാണുന്നു എന്നതാണ്. ലോകജനത റോമൻ ചക്രവർത്തിമാരെ ഭയന്നതുപോലെ കൊളോസിയത്തെയും ഭയന്നിരുന്നു. ഇതിനുള്ളിൽ ജീവിച്ചിരുന്നവർ മരിച്ചുകൊണ്ടേയിരുന്നു. ലോകത്ത് മറ്റെങ്ങും കാണാത്ത അദ്ഭുതക്കാഴ്ചകൾ.

റോമൻ ചക്രവർത്തിമാർക്ക് മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള പോരാട്ടം, മല്ലന്മാർ തമ്മിലുള്ള പോരാട്ടം കണ്ടിരുന്നത് ഒരു വിനോദമായിരുന്നു. മൃഗങ്ങളുമായി ഏറ്റുമുട്ടി തളരുന്നവന്റെ ദീനരോദനവും മൃഗങ്ങളുടെ ഗർജനവും രക്തം ചീറിപ്പായുന്നതും തളംകെട്ടിക്കിടക്കുന്നതും ചക്രവർത്തിമാർക്ക് അതിരറ്റ ആനന്ദമാണ് നൽകിയത്. മനുഷ്യമാംസത്തിനായി ആർത്തിയോടെ നോക്കുന്ന വന്യമൃഗങ്ങളും പരിഭ്രാന്തിയോടെ നോക്കുന്ന മനുഷ്യനും. അതിൽ ഒരാൾ മാത്രമേ ജീവനോടെ പുറത്തുവരൂ. ഈ പോരാട്ടം കാണാൻ വരുന്നവരിൽ കൂടുതലും രാജകുടുംബത്തിൽനിന്നുള്ളവരും ഭരണാധികാരികളും വിവിധ ദേശങ്ങളിൽനിന്നുള്ള സമ്പന്നന്മാരും പട്ടാളത്തിലുള്ളവരും സാധാരണജനങ്ങളുമാണ്. ചക്രവർത്തിമാർക്ക് അതിനുള്ളിൽ പ്രവേശിക്കാൻ പ്രത്യേക വാതിലുകളുണ്ട്. പോരാട്ടം നടക്കുന്നതിന്റെ തൊട്ടുമുന്നിൽതന്നെയാണ് അവരുടെ ഇരിപ്പിടം. സാധാരണ ജനങ്ങൾക്ക് ഏറ്റവും മുകളിലിരിക്കാം. അതിനുള്ളിൽ അൻപതിനായിരം പേർക്ക് ഇരിക്കാനുള്ള സൗകര്യമുണ്ട്. ഇവർക്കൊപ്പംതന്നെ മന്ത്രവാദികൾ, ദേവീദേവന്മാരെ പ്രീതിപ്പെടുത്തുന്ന പുരോഹിതർ, അഗ്നിപൂജ നടത്തുന്ന പൂജാരിമാർ രാജതാത്പര്യമനുസരിച്ച് അവിടെ സന്നിഹിതരായിരിക്കും. ഈ ക്രൂരവിനോദം ചക്രവർത്തിമാർ കണ്ടിരിക്കുന്നതിനിടെ മദ്യം നുകരാനും മറക്കില്ല. ഇതുകാണാൻ വരുന്ന പ്രമാണിമാർക്കും പുരോഹിതന്മാർക്കുമെല്ലാം അതൊരു ഉദ്യാനവിരുന്നുപോലെയാണ്. വന്യമൃഗത്തിന്റെ ആക്രമണത്തിൽ ജീവൻ വെടിഞ്ഞും മാംസക്കഷണങ്ങൾ കടിച്ചുമുറിച്ചു മാറ്റുന്നതു കണ്ട് ആഹ്ലാദിക്കുന്ന ഭരണാധിപനും, ആ നിശബ്ദതകളുടെ നടുവിൽ തേങ്ങുന്നവരുമുണ്ട്. അവർ മൃഗത്തെ പരാജയപ്പെടുത്താൻ മുറവിളികൂട്ടുന്നവരാണ്. വീരന്മാരായ മല്ലന്മാർ ഏറ്റുമുട്ടി ജീവൻ വെടിയുന്നതും കൊടുംകുറ്റവാളികൾ വന്യമൃഗങ്ങളുമായി ഏറ്റുമുട്ടുന്നതും നിരപരാധികളായ ക്രിസ്തീയവിശ്വാസികൾ ചക്രവർത്തിമാരുടെ ദേവീദേവന്മാരെ ആരാധിക്കാത്തതിന്റെ പേരിൽ കാട്ടുനായ്ക്കളുടെ കടികൊണ്ട് പുളയുന്നതും വന്യമൃഗങ്ങൾക്കു ഭക്ഷണമാകുന്നതുമെല്ലാം ലോകത്തെ അറിയിച്ച ശിക്ഷാനടപടികളാണ്. അതിനാൽ ശത്രുസൈന്യം പോലും ഇവരെ ഭയന്നിരുന്നു. വളരെ അപൂർവം ഭാഗ്യശാലികളായ മല്ലന്മാരും കുറ്റവാളികളും മാത്രമാണ് വന്യമൃഗങ്ങളെ കൊന്ന് വിജയം നേടിയിട്ടുള്ളത്. വന്യമൃഗങ്ങളുമായി ഏറ്റുമുട്ടുന്നവർക്കു മാത്രമാണ് തലയിൽ കവചങ്ങളോ ചെറിയ കത്തികളോ ഉപയോഗിക്കാൻ അനുവാദമുള്ളൂ. അങ്ങനെ രക്ഷപ്പെട്ടുവരുന്നവർ ഏതോ ഇരുട്ടറയിൽനിന്നോ അജ്ഞാത ദുർഗത്തിൽനിന്നോ വരുന്നതുപോലെയാണ്. ഇവർക്കു സൈന്യത്തിൽതന്നെ ജോലികൊടുക്കുക പതിവാണ്. കടൽയുദ്ധങ്ങളിൽ ഇവരാണ് മുൻപന്തിയിലുണ്ടായിരുന്നത്. ഇതിനുള്ളിലെ വൻപാറകൾ കണ്ടാൽ നൂറുപേർക്കുപോലും പൊക്കാൻ കഴിയില്ലെന്നു തോന്നും. ശത്രുക്കളെ പ്രതിരോധിക്കാനും കുറ്റവാളികൾ, അടിമകൾ, മൃഗങ്ങൾ രക്ഷപ്പെടാതിരിക്കാനുമാണ് ഇതെല്ലാം ചെയ്തിട്ടുള്ളത്. അതിനാൽ വന്യമൃഗങ്ങളുടെ ഭീകരശബ്ദംപോലും ആ നെടുങ്കൻ പാറയ്ക്കുള്ളിൽ നിശബ്ദമാണ്. ലോകത്തെ ഏറ്റവും വലിയ ഭൂഗർഭ തടവറകളായി ഇതിനെ വിശേഷിപ്പിക്കാം.

റോമൻ ചക്രവർത്തിമാർ അനുഷ്ഠിച്ചുപോന്ന അന്ധവിശ്വാസങ്ങൾ, നരബലി, മൃഗബലി തുടങ്ങിയ അനാചാരങ്ങൾക്ക് ഇളക്കമുണ്ടായത് യേശുക്രിസ്തുവിന്റെ ജനനശേഷമാണ്.

റോമാക്കാർ ക്രിസ്ത്യാനികളെ ക്രൂരപീഡനങ്ങൾക്കു മാത്രമല്ല ഇരയാക്കിയിട്ടുള്ളത്. ക്രൂരമൃഗങ്ങളുടെ മുന്നിലേക്കു വലിച്ചെറിഞ്ഞിട്ടുമുണ്ട്. ക്രിസ്തുശിഷ്യനായ സെന്റ് പീറ്ററും രക്തസാക്ഷിയായി. റോമൻ ചക്രവർത്തിമാർ യേശുക്രിസ്തുവിനെ ഭയന്നു. അതു കാലത്തിന്റെ ഒരടയാളമായിരുന്നു. നഗരവീഥികളും തെരുവീഥികളും ആഹ്ലാദത്തിലാറാടി. ഇന്ന് കൊളോസിയത്തിന്റെ മുകളിലേക്കു പോകാൻ ഒരു ഭാഗത്തായി ലിഫ്റ്റുണ്ട്. പാറക്കല്ലുകൾകൊണ്ടു തീർത്ത മുകളിലേക്കുള്ള ചവിട്ടുപടികൾ കയറുക അത്ര എളുപ്പമല്ല. ആരും നടന്നുപോകുന്നതായി കണ്ടില്ല. അതിനുള്ളിൽ ശുദ്ധജലമടക്കമുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. അവിടെനിന്നു ഞാൻ പോയത് സെന്റ് പീറ്റേഴ്സ് ബസിലിക്കയിലേക്കാണ്. അവിടത്തെ ദിവ്യാനുഭവം കണ്ടുനിൽക്കെ എന്റെ മനസിലേക്ക് റോമൻ സാമ്രാജ്യവും വിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും കടന്നുവന്നു. മനുഷ്യന്റെ അന്ധവിശ്വാസങ്ങൾക്ക് ഒരു മാറ്റമുണ്ടായെങ്കിലും അന്നത്തെ ഭൗതികത ഇന്നും തുടരുന്നു.


കൊളോസിയത്തിനുള്ളിൽ ലേഖകൻ

## ചലച്ചിത്രം

# സാൾട്ട് മാംഗോ ട്രീ

വെള്ളിമൂങ്ങ എന്ന ചിത്രത്തിനുശേഷം ബിജു മേനോൻ നായകനാകുന്ന ചിത്രമാണ് സാൾട്ട് മാംഗോ ട്രീ. രാജേഷ് നായർ ആണ് ചിത്രം സംവിധാനം ചെയ്യുന്നത്. ലക്ഷ്മിപ്രിയ ആണ് നായിക. കോട്ടയം പ്രദീപ്, സുധീർ കരമന, സുഹാസിനി എന്നിവർ മറ്റുകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. വിനോദ് ആന്റ് വിനോദ് തിരക്കഥ ഒരുക്കുന്ന ചിത്രത്തിന് സംഗീതം നിർവഹിക്കുന്നത് ബിജിപാലാണ്.

സച്ചി, ബിജു മേനോൻ, ഷാജൂൺ കാര്യാൽ, സുരേഷ് കൃഷ്ണ, റോഷൻ ചിറ്റൂർ എന്നിവരുടെ നിർമാണപങ്കാളിത്തത്തിൽ ആരംഭിച്ച ബാനർ ഒരുക്കുന്ന രണ്ടാമത്തെ സിനിമയാണിത്. എസ്കേപ് ഫ്രം ഉഗാണ്ട ആണ് ഇതിനു മുമ്പ് രാജേഷ് നായർ സംവിധാനം ചെയ്ത ചിത്രം. ചിത്രത്തിന്റെ ടീസർ പുറത്തിറങ്ങി.


*സുധീർ കരമന, ബിജു മേനോൻ - സാൾട്ട് മാംഗോ ട്രീ*


*മിയ - അനാർക്കലി*

# അനാർക്കലിയുടെ ആദ്യ ടീസർ പുറത്തിറങ്ങി

സച്ചി സംവിധാനം ചെയ്യുന്ന അനാർക്കലിയുടെ ആദ്യ ടീസർ പുറത്തിറങ്ങി. പൃഥിരാജ്, ബിജു മേനോൻ എന്നിവരാണ് പ്രധാനവേഷങ്ങൾ അവതരിപ്പിക്കുന്നത്. ലക്ഷദ്വീപിലെ കവരത്തിയാണ് ചിത്രത്തിന്റെ പ്രധാന ലൊക്കേഷൻ. മിയ ആണ് നായിക. ബോളിവുഡ് നടൻ കബീർ ബേദി ചിത്രത്തിലൊരു പ്രധാനകഥാപാത്രത്തെ അവതരിപ്പിക്കുന്നു.

സുരേഷ് കൃഷ്ണ, അരുൺ, സുനിൽ ബാബു, അസിം ജമാൽ തുടങ്ങിയവരാണ് മറ്റുതാരങ്ങൾ.

സംഗീതം-വിദ്യാസാഗർ, സുജിത്ത് വാസുദേവ് ആണ് ഛായാഗ്രാഹകൻ. മാജിക് മൂൺ പ്രൊഡക്ഷൻസിന്റെ ബാനറിൽ രാജീവ് നായർ ആണ് നിർമാണം.

# കുട്ടികൾ നായകരാകുന്ന വിപിൻ ആറ്റ്‌ലിയുടെ ബെൻ

ഹോംലി മീൽസ് എന്ന ചിത്രത്തിലെ പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ച് ശ്രദ്ധേയനായ വിപിൻ ആറ്റ്‌ലി സംവിധാനം ചെയ്യുന്ന ചിത്രമാണ് ബെൻ. സിനിമയുടെ ട്രെയിലർ പുറത്തിറങ്ങി. കുട്ടികളാണ് ചിത്രത്തിൽ കേന്ദ്രകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. നിരവധി ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ മാസ്റ്റർ ഗൗരവ് മേനോനാണ് നായകൻ.

മലയാളത്തിലെ മറ്റു പ്രമുഖതാരങ്ങളും അഭിനയിക്കുന്ന ഈ ചിത്രത്തിന്റെ തിരക്കഥയും വിപിൻ ആറ്റ്‌ലി തന്നെ എഴുതുന്നു. കാമറ ഹരി നായർ.


*മാസ്റ്റർ ഗൗരവ് മേനോൻ - ബെൻ*